Government of Kerala
LSGD Local Self Government Department
കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

## സ്ഥിരം അദാലത്ത് മിനുട്സ്

(തദ്ദേശ സ്വയംഭരണ (ERA) വകുപ്പിന്റെ 25/04/2023 തിയ്യതിയിലെ സ.ഉ.നം (സാധാ) 916/23)

04/12/2024 തിയ്യതി ഉച്ചക്ക്ശേഷം 3 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് ചേർന്ന ഉപജില്ലാതല സ്ഥിരം അദാലത്തിലെ തീരുമാനങ്ങൾ

ഹാജർ:-

1. ശ്രീ. അഭിലാഷ് എ.എൻ, ഇന്റേണൽ വിജിലൻസ് ഓഫീസർ1, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട്.
2. ശ്രീമതി. ബിസിനി എസ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്.
3. ശ്രീ. അഖിൽ വി, അസി.ടൌൺപ്ലാനർ, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട്.
4. ശ്രീമതി. റീന സി.എം, ജൂനിയർ സൂപ്രണ്ട്, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്.
5. ശ്രീ. ഉണ്ണികൃഷ്ണൻ, സീനിയർ ക്ലാർക്ക്, കക്കോടി ഗ്രാമപഞ്ചായത്ത്.
6. ശ്രീമതി. പ്രിയ, ഓവർസീയർ, കക്കോടി ഗ്രാമപഞ്ചായത്ത്.

അജണ്ട:- 1

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ റോഡ് ഗതാഗതയോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഡോക്കറ്റ് നം. PLKZD11047000014 പ്രകാരം തദ്ദേശ അദാലത്തിൽ നൽകിയ പരാതിയിൽ എടുത്ത തീരുമാനം - തുടർ നടപടികൾ സ്വീകരിക്കുന്നില്ല എന്നു കാണിച്ച് ശ്രീ.സനൂപ് എ എന്നവർ നൽകിയ പരാതി.

തീരുമാനം:- 1

ശ്രീ. സനൂപ് നൽകിയ പരാതിയും, സെക്രട്ടറിയുടെ റിപ്പോർട്ടും അദാലത്ത് സമിതി പരിശോധിച്ചു. പരാതിയിൽ പരാമർശിച്ച

റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതല്ലാത്തതിനാൽ ഈ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് നടപടി സ്വീകരിക്കാൻ കഴിയുകയില്ല എന്നും, അപേക്ഷകൻ നൽകിയ പരാതി കെ.ആർ.എഫ്.ബി ക്ക് കൈമാറിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അദാലത്ത് സമിതി മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ട്. അദാലത്ത് സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പരിശോധിച്ചു. റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതല്ലാത്തതിനാൽ പരാതിക്കാരന് കെ.ആർ.എഫ്.ബി യുമായി ബന്ധപ്പെടാവുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു.

അജണ്ട:- 2

കക്കോടി ഗ്രാമപഞ്ചായത്തിൽ നിന്നും വീടിന്റെ പ്ലാൻ പാസാക്കി ലഭിച്ചില്ല എന്നു കാണിച്ച് ശ്രീമതി. ലോലിത കെ, തരംഗിണി മനയത്ത് താഴം എന്നവർ സമർപ്പിച്ച പരാതി.

തീരുമാനം:- 2

കക്കോടി ഗ്രമപഞ്ചായത്തിൽ നിന്നും വീടിന്റെ പെർമിറ്റ് അനുവദിച്ചില്ല എന്നു കാണിച്ച് ജില്ലാ ജോയിന്റ് ഡയറക്ടർ മുമ്പാകെ ശ്രീമതി. ലോലിത കെ നൽകിയ പരാതിയും, സെക്രട്ടറിയുടെ റിപ്പോർട്ടും അദാലത്ത് സമിതി പരിശോധിച്ചു. കക്കോടി വില്ലേജിൽ റി.സ 19/33 ൽ ഉൾപ്പെട്ട 2.0234 ആർസ് സ്ഥലത്ത് നിലവിലുള്ള 58 ച.മീറ്റർ വിസ്തീർണ്ണമുള്ള 19/33 നമ്പർ കെട്ടിടത്തിൽ 69.60 ച മീറ്റർ നിർമ്മാണം പൂർത്തീകരിച്ചത് ക്രമവൽക്കരിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ സാങ്കേതിക വിഭാഗം പരിശോധന നടത്തിയതിൽ സഞ്ചയ പ്രകാരമുള്ള ഏരിയയെക്കാൾ കൂടുതൽ ഏരിയ പ്ലാനിൽ എക്സിസ്റ്റിംഗ് ആയി കാണിച്ചിരിക്കുന്നു, സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്,സൈറ്റിലേയും പ്ലാനിലേയും യാർഡ് അളവുകൾ വ്യത്യസ്തമായി കാണുന്നു, പ്ലാനിൽ പലനിർമ്മാണങ്ങളും പ്രൊപ്പോസ്ഡ് ആയാണ് കാണിച്ചിരിക്കുന്നത്, കെട്ടിടത്തിന്റെ തെക്ക് വശത്തെ വഴിയിൽ നിന്നും റൂൾ 23(2) പ്രകാരമുള്ള 2 മീറ്റർ അകലം പാലിക്കുന്നില്ല, കെട്ടിടത്തിന്റെ എല്ലാ വശത്തേയും അളവുകൾ പ്ലാനിൽ രേഖപ്പെടുത്തേണ്ടതാണ് എന്നീ ന്യൂനതകൾ റിപ്പോർട്ട് ചെയ്യുകയും, ആയത് പരിഹരിക്കുന്നതിന് കത്ത് നൽകുകയും ചെയ്തിരുന്നെന്നും, അപാകതകൾ പരിഹരിച്ച് പുനർ സമർപ്പിച്ച അപേക്ഷയിൽ പ്രൈവറ്റ് സർവ്വേയറുടെ സ്കെച്ച് ഹാജരാക്കിയിരുന്നു എന്നും, സ്ഥലത്തെ റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയിട്ടുണ്ടെന്ന വാർഡ് മെമ്പറുടെ സാക്ഷ്യപത്രം

കൂടെ ഹാജരാക്കേണ്ടതാണെന്ന് അപേക്ഷകക്ക് കത്ത് നൽകിയതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.
തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 26/04/2008 ലെ 5612/ആർ.ഡി.2/08 നമ്പർ സർക്കുലർ പ്രകാരം റോഡ് വികസനത്തിന്റെ ഭാഗമായി സ്ഥലം വിട്ടുകൊടുത്തവർക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി യിൽ ലംഘനം വന്നുപോയിട്ടുള്ള കെട്ടിടങ്ങൾക്ക് ഇളവനുവദിക്കാമെന്നും, പഞ്ചായത്തിന്റേയോ, റവന്യു വകുപ്പിന്റേയോ ഏതെങ്കിലും രേഖയിൽ നിന്നും പഞ്ചായത്ത് സെക്രട്ടറിക്ക് ബോധ്യമാകുന്ന പക്ഷം ഒക്യുപൻസി നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈകാര്യത്തിൽ ബന്ധപ്പെട്ട സെക്രട്ടറി, അസി.എഞ്ചിനീയർ, ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ, അപേക്ഷക എന്നിവരുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തുന്നതിനും, അപേക്ഷകയുടെ ആധാരത്തിൽ കാണിച്ച ഭൂമിയുടെ അളവും, നിലവിലുള്ള റോഡിന്റെ വീതിയും, റോഡ് ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട വർഷവും പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. അപേക്ഷക തന്റെ സ്ഥലം പഞ്ചായത്ത് റോഡ് നിർമ്മാണത്തിനായി എടുത്തു എന്നു കാണിക്കുന്ന രേഖകൾ ഉണ്ടെങ്കിൽ ആയത് സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

അദാലത്ത് വൈകിട്ട് 4.15 മണിക്ക് അവസാനിച്ചു.

കൺവീനർ

Abhilash A.N
Internal vigilance officer
Joint director office
LSGD, Kozhikode

OFFICE OF THE JOINT DIRECTOR L.S.G.D.
CIVIL STATION
673020
KOZHIKODE